milma

**Kerala Co-operative Milk Marketing Federation Limited**
**Cattle Feed Plant, Malampuzha P.O., Palakkad-678 651**

Tel: 0491-2815107, 2815170, Fax: 2815176, E-mail: milmafme@bsnl.in, cfm@milma.co.in
GST No.32AAAAK5375M6ZB

**CFP-M/PRODN/592-A /2021-22** **23.04.2021**

## ക്വട്ടേഷൻ നോട്ടീസ്

മലമ്പുഴ മിൽമ കാലിത്തീറ്റ ഫാക്ടറിയിലെ ബോയിലർ ഹൗസിലുള്ള ബോയിലറുകളിൽ കരാർ അടിസ്ഥാനത്തിൽ ചിരട്ട, വിറക്, ബ്രിക്കറ്റ്സ് കോരിയിട്ടു കത്തിക്കുന്ന ജോലി 08.05.2021 മുതൽ ഒരു വർഷത്തേക്ക് ഏറ്റെടുക്കുവാൻ താൽപര്യമുള്ളവരിൽ നിന്നും താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

1) കാലിത്തീറ്റ ഫാക്ടറിയിലെ ബോയിലർ പ്ലാൻറിൽ കൊണ്ടുവന്നിറക്കുന്ന ബ്രിക്കറ്റ്സ്, ചിരട്ട, വിറക് ഇവ ബോയിലറിൽ, ഫാക്ടറിയുടെ ഉല്പാദനത്തിൻെറ അടിസ്ഥാനത്തിൽ ആവശ്യത്തിനനുസരിച്ച് കോരി ഇടേണ്ടതാണ്.

2) ബോയിലർ പ്ലാൻറിനടുത്തായും ബോയിലർ ചിമ്മിനി, സെക്യൂരിറ്റി ഗേറ്റിനു പുറകുവശം എന്നിവിടങ്ങളിലുമായി സംഭരിച്ചു വെച്ചിട്ടുള്ള ചിരട്ട, വിറക്, ബ്രിക്കറ്റ്സ് ഇവ ബോയിലറിനടുത്തേക്കു കൊണ്ടു പോയി ചൂളയിൽ കോരി ഇടുന്ന ജോലിയാണ് കരാറുകാരൻ നിർവ്വഹിക്കേണ്ടതായിട്ടുള്ളത്. ഈ ജോലി നിർവ്വഹിക്കുന്നതിനു നിയോഗിക്കുന്ന ജോലിക്കാർക്കുള്ള ഒരു മാസത്തെ ആകെ വേതനമാണ് കരാർ തുകയായി സമർപ്പിക്കേണ്ടത്. ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷനായിരിക്കും സ്വീകരിക്കുക.

3) ഈ കരാറിൻെറ കാലാവധി കരാർ നൽകുന്ന തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കും.

4) കരാറുകാരൻ കരാർ ലഭിക്കുന്ന പക്ഷം സെക്യൂരിറ്റി സംഖ്യയായ 2500.00 രൂപ (രണ്ടായിരത്തി അഞ്ഞൂറു രൂപ മാത്രം) ഫാക്ടറി ഓഫീസിൽ അടക്കേണ്ടതാണ്.

5) ക്വട്ടേഷൻ 03.05.2021 ന് ഉച്ചയ്ക്ക് 02.30 മണിക്ക് മുൻപായി മാനേജർ, കാറ്റിൽ ഫീഡ് പ്ലാൻറ്, മലമ്പുഴ എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. അന്നേ ദിവസം ഉച്ച കഴിഞ്ഞ് 3.00 ന് ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും.

6) ക്വട്ടേഷൻ ലഭിക്കുന്നയാൾ കേരള സർക്കാറിൻെറ 500.00 രൂപയുടെ മുദ്രപത്രത്തിൽ ഫാക്ടറിയുമായി ഫാക്ടറി നിർദ്ദേശിക്കുന്ന നിബന്ധനകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു എഗ്രിമെൻറ് വെയ്ക്കേണ്ടതാണ്.

7) കരാറുകാരൻ നിയോഗിക്കുന്ന സ്റ്റാഫുകളുടെ ESI, EPF എന്നിവ യഥാക്രമം കരാറുകാരൻ അടച്ച് രസീത് ബില്ലിനോടൊപ്പം ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ സംഖ്യയിൽ നിന്ന് നിയമാനുസൃതമായ നികുതികൾ, ESI വിഹിതം, EPF മറ്റു നിയമപരമായ കിഴിവുകൾ എന്നിവ കിഴിവു ചെയ്ത തുകക്കുള്ള ബില്ലുകൾ മാത്രം പാസ്സാക്കി നൽകുന്നതാണ്.

8) ബോയിലറിൽ ചിരട്ട/ബ്രിക്കറ്റ്സ്/വിറക് കോരി ഇടുന്ന ആവശ്യം വരുന്നത് ഫാക്ടറിയുടെ പ്രവർത്തനമനുസരിച്ച് നീരാവി ഉല്പാദന വിഭാഗത്തിലേക്ക് ലഭ്യമാക്കുന്നതിനാണ്. ഈ ജോലിയുടെ രീതി ഫാക്ടറിയുടെ ദൈനംദിന പ്രവർത്തനത്തിനനുസരിച്ച് കൂടാനോ കുറയാനോ സാധ്യതയുണ്ട്. മൂന്നു ഷിഫ്റ്റുകളിൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും ഉല്പാദനം നടത്തുന്ന പ്ലാൻറിലേക്ക് ആവശ്യമായ നീരാവി നൽകുന്നതിനു ബോയിലറുകൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ബ്രിക്കറ്റ്സ്/ചിരട്ട/വിറക് വാരിയിട്ടു കത്തിക്കുന്നതിനുള്ള കരാർ തുകയാണ് നൽകേണ്ടത്. ഫാക്ടറിയുടെ പ്രവർത്തനം ഒരു ഷിഫ്റ്റിലേക്കു മാത്രം നടക്കുന്ന കാലയളവിൽ കരാർ തുകയുടെ മൂന്നിലൊന്നിനും രണ്ടു ഷിഫ്റ്റ് പ്രവർത്തന കാലയളവിൽ കരാർ തുകയുടെ മൂന്നിൽ രണ്ടു ഭാഗത്തിനും മൂന്നു ഷിഫ്റ്റ് പ്രവർത്തനമുള്ളപ്പോൾ മുഴുവൻ കരാർ തുകയുമാണ് ലഭിക്കുന്നത്. മെയിൻറനൻസ് ഷിഫ്റ്റുകളിൽ മെയിൻറനൻസ് ജോലിയിൽ സഹായിക്കേണ്ടതും, അതാതു ഷിഫ്റ്റ് എൻജിനീയർ പറയുന്ന ജോലികൾ ചെയ്യേണ്ടതും ആണ്.

9) ബോയിലർ റൂമിലേയും, സ്ക്രബ്ബർ റൂമിലേയും മാറാല ദിവസേന അടിച്ചു വൃത്തിയാക്കുന്ന ജോലിയും ബോയിലർ ഹൗസ് വൃത്തിയായി സൂക്ഷിക്കുന്നതിനാവശ്യമായ മറ്റു ജോലികളും കരാറുകാരൻ നിർവ്വഹിക്കേണ്ടതാണ്. ബോയിലർ ഫർണസിൽ നിന്നുള്ള ചാരം എല്ലാ ദിവസവും വാരി കമ്പനി ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന സ്ഥലത്തേക്കു മാറ്റേണ്ടതാണ്.

10) കരാർ ജോലികളിൽ എന്തെങ്കിലും അതൃപ്തിയുള്ള പക്ഷം കരാർ റദ്ദു ചെയ്യുവാൻ ഫാക്ടറി മാനേജർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

11) കരാറുകാരൻ കരാർ ജോലി താമസിപ്പിക്കുകയോ വീഴ്ച വരുത്തുകയോ ചെയ്യുന്നതു മൂലം എന്തെങ്കിലും നഷ്ടം ഫാക്ടറിക്ക് ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

12) ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ Rs.1500/- നിരതദ്രവ്യമായി അടച്ച് രശീതി ക്വട്ടേഷനോടൊപ്പം വെയ്ക്കേണ്ടതാണ്. ക്വട്ടേഷൻ ഉറപ്പിച്ചശേഷം മറ്റുള്ളവരുടെ നിരതദ്രവ്യം തിരിച്ചു നൽകുന്നതാണ്.

13) അവധി ദിവസം കഴിഞ്ഞു തുടങ്ങുന്ന ഷിഫ്റ്റുകളിൽ 1 മണിക്കൂർ മുൻപായി ജോലിക്കെത്തേണ്ടതും ഷിഫ്റ്റാരംഭത്തിൽ ഉല്പാദനത്തിനായി ബോയിലർ പ്രവർത്തനക്ഷമമാക്കേണ്ടതുമാണ്.

14) ബോയിലർ റൂമിനു പുറത്തു ഷെഡിൽ സൂക്ഷിച്ചിട്ടുള്ള ചിരട്ട/വിറക്/ബ്രിക്കറ്റ്സ് എന്നിവ നനവു തട്ടാത്ത വിധത്തിൽ ടാർപോളിൻ കൊണ്ടു പൊതിഞ്ഞു സൂക്ഷിക്കേണ്ടതാണ്.

15) പാൻ സംബന്ധമായ രേഖകൾ സമർപ്പിച്ചാൽ മാത്രമേ ബിൽ തുക മുഴുവനായും ലഭിക്കുകയുള്ളൂ.

16) ബോയിലറിൻെറ പുകക്കുഴലിൻെറ അടിഭാഗത്ത് അടിഞ്ഞുകൂടുന്ന കരി ആഴ്ചയിൽ ഒരു ദിവസമെങ്കിലും പുകക്കുഴലിന് അടിയിലെ വാതിൽ തുറന്ന് ക്ലീൻ ചെയ്യേണ്ടതാണ്.

17) ബ്രിക്കറ്റ് സൂക്ഷിച്ച ഭാഗത്ത് അടിഞ്ഞുകൂടുന്ന പൊടി സമയാസമയം അടിച്ചു വാരി ചാക്കിൽ നിറച്ച് കെട്ടി വെയ്ക്കേണ്ടതാണ്.

18) ക്വട്ടേഷൻ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനും റീടെണ്ടർ ചെയ്യുന്നതിനുമുള്ള പൂർണ്ണ അധികാരം ഫാക്ടറി മാനേജരിൽ നിക്ഷിപ്തമായിരിക്കും.

19) ക്വട്ടേഷൻ സംബന്ധിച്ച് വല്ല തർക്കവുമുണ്ടായാൽ ഫാക്ടറി മാനേജർ കൈക്കൊള്ളുന്ന തീരുമാനം അന്തിമമായിരിക്കും.

മാനേജർ